(ബി) നിലവിൽ ഏതൊക്കെ വിഭാഗങ്ങളിൽ എത്ര പേരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) എ.ഐ.സി.ടി.ഇ. നിബന്ധന അനുസരിച്ച് ഡി.ഫാം. കോഴ്സിന് 9-ഉം, ബി.ഫാം. കോഴ്സിന് 15-ഉം അദ്ധ്യാപകർ ആവശ്യമാണ്. ബി.ഫാമിന് കോളേജ് പ്രിൻസിപ്പാൾ ഉൾപ്പെടെ 5 പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ, 10 അസിസ്റ്റന്റ് പ്രൊഫസർ/സീനിയർ ലക്ചറർ എന്നിവരാണ് വേണ്ടത്. ഇവിടെ നിലവിൽ 6 റഗുലർ അദ്ധ്യാപകരും 2 കോൺട്രാക്ട് അദ്ധ്യാപകരും ഉൾപ്പെടെ 8 അദ്ധ്യാപകരാണ് ഉള്ളത്.

(ബി) അസോസിയേറ്റ് പ്രൊഫസർ-2
അസിസ്റ്റന്റ് പ്രൊഫസർ-1
ലക്ചറർ-3

(സി) ലക്ചറർ തസ്തികയിലെ ഒഴിവുകൾ കരാറടിസ്ഥാനത്തിൽ നിയമിച്ചു കൊണ്ടിരിക്കുകയാണ്. ഉയർന്ന തസ്തികയിലേക്ക് ഡി.പി.സി. കൂടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാന്റീൻ ലേലം ചെയ്ത് നൽകാൻ നടപടി

64 [5929] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജീവനക്കാർക്കു വേണ്ടി എല്ലാ സൗകര്യങ്ങളോടും കൂടി എച്ച്.ഡി.എസ്. അനുവദിച്ച കാന്റീൻ പ്രതിദിനം ഒമ്പതിനായിരം രൂപ വാടകയ്ക്ക് സ്വകാര്യ നടത്തിപ്പുകാരന് നൽകിയതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാന്റീൻ നടത്തുന്നത് ജീവനക്കാർ തന്നെയാണോ എന്ന് ഉറപ്പുവരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) കാന്റീൻ നടത്തുന്നത് ജീവനക്കാരാണെങ്കിൽ ഇതിൽനിന്നുള്ള വരുമാനം ആശുപത്രിയുടെ വികസനത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത് എന്ന് സർക്കാർ ഉറപ്പു വരുത്തിയിട്ടുണ്ടോ;

(ഡി) കാന്റീനിൽ നിന്നുള്ള വരുമാനം ആശുപത്രിയുടെ വികസനാവശ്യത്തിന് ലഭിക്കുന്നില്ലെങ്കിൽ ലക്ഷക്കണക്കിന് രൂപ വരുമാന സാദ്ധ്യതയുള്ള ഈ കാന്റീൻ ആശുപത്രി നേരിട്ട് നടത്തുകയോ നേരിട്ട് ലേലം ചെയ്തു നൽകുകയോ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) കാന്റീനിൽനിന്നുള്ള വരുമാനത്തിന്റെ ഒരു പങ്ക് ആശുപത്രിയുടെ വികസനത്തിനും സാധുക്കളായ രോഗികളുടെ ക്ഷേമത്തിനുമായി ഉപയോഗിക്കാൻ ആശുപത്രി ജീവനക്കാരുടെ കൂട്ടായ്മയായ വെൽഫെയർ ഫണ്ടിന്റെ ഭരണസമിതി തീരുമാനിച്ചിട്ടുള്ളതാണ്.

രജിസ്ട്രേഷൻ വകുപ്പിൽ റെയിഡിനെ തുടർന്ന് സ്വീകരിച്ച നടപടി

65 [5940] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ആഫീസുകൾ റെയിഡ് ചെയ്ത് കുറ്റക്കാരായ എത്ര പേരെ കണ്ടെത്തി;

(ബി) അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്ര പേരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചു;

(ഡി) ബാക്കിയുള്ളവരെ തിരിച്ചെടുക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 141 പേരെ പ്രഥമ ദൃഷ്ട്യാ കുറ്റക്കാരായി കണ്ടെത്തി.

(ബി) അച്ചടക്ക നടപടികൾ പൂർത്തിയാവുന്നതിന് മുമ്പ് പേര് വിവരം വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(സി) സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത 30 പേരിൽ നാല് പേരെ തിരികെ പ്രവേശിപ്പിച്ചു.

(ഡി) വകുപ്പുതല അച്ചടക്ക നടപടികൾ തീരുന്ന മുറയ്ക്കും വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കുന്നമുറയ്ക്കും മാത്രമേ സസ്പെന്റ് ചെയ്യപ്പെട്ടവരിൽ ബാക്കിയുള്ളവരെ സർവ്വീസിൽ തിരിച്ചെടുക്കുന്ന കാര്യം പരിഗണിക്കാനാവൂ.

LIBRARY ARCHIVES Kerala Legislative Assembly